## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *71 08.03.2012 ൽ മറുപടിക്ക്

### അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഹംസ<br>ശ്രീ.എളമരം കരീം<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതി W.P. (C) 510/2005 എന്ന റിട്ട് പെറ്റീഷനിൽ 13.08.2010-ൽ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന് സർക്കാർ 07.10.2010-ൽ പുറപ്പെടുവിച്ച ഉത്തരവ് G.O. (MS) No.69/2010/Tran പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ, ദർഘാസിൽ പങ്കെടുക്കാതിരുന്ന ഒരു കമ്പനി ദർഘാസിലെ ചില നിബന്ധനകൾക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C)No.3149/2011 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷൻ 12.4.2011 ലെ വിധിന്യായ പ്രകാരവും ടി റിട്ട് പെറ്റീഷനിൽ 5.4.2011 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെ ഫയൽ ചെയ്ത WA No.501/2011, 12.4.2011 ലെ മറ്റൊരു പ്രത്യേക ഉത്തരവിലൂടെയും ബഹു. ഹൈക്കോടതി തള്ളിക്കളയുകയുണ്ടായി. ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ ടി കമ്പനി ഫയൽ ചെയ്ത SLP (C) No.13630-31 എന്നീ പ്രത്യേകാനുമതി ഹർജികളിൽ 13.5.2011 ൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച "സ്റ്റാറ്റസ് കോ" ഉത്തരവ് നിലനിൽക്കുന്നതിനാൽ ടെണ്ടർ നടപടികൾ തുടരുന്നതിന് കഴിഞ്ഞിട്ടില്ല. ടി പ്രത്യേകാനുമതി ഹർജിയിൽ തീർപ്പുണ്ടാക്കി അതീവ സുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കാനാണ് നടപടി കൈക്കൊള്ളുന്നത്; | (ബി) | 13.08.2010-ലെ ബഹു: സുപ്രീം കോടതിയുടെ ഉത്തരവു പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കാൻ ദർഘാസ് ക്ഷണിച്ചിരിക്കുന്നത്. എന്നാൽ 07.02.12 ലെ സുപ്രീം കോടതി വിധി പ്രകാരം |

| | | |
|---|---|---|
| | | എല്ലാ ജില്ലയിലും അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇതിനായി വിളിച്ച ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതൊക്കെയായിരുന്നു; ദർഘാസ് തുറക്കുകയുണ്ടായോ; ഇത് സംബന്ധമായി കേരള ഹൈക്കോടതി മുമ്പാകെ വന്ന കേസ് എന്തായിരുന്നു; ടെണ്ടർ നടപടികൾ കോടതി സ്റ്റേ ചെയ്യുകയുണ്ടായോ; | (സി) | ദർഘാസിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു:<br>1. M/s Ackruti Security Plates Pvt. Ltd., Ackruti Trade Centre, Road No. 7, Marol MIDC, Andheri (E), Mumbai – 400093 and<br>2. M/s Kerala Small Industries Development Corporation Ltd (An Undertaking of the Government of Kerala), Forest Office Lane, Vazhuthacaud P.O., Thiruvananthapuram – 695014.<br><br>ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള പ്രീ-ക്വാളിഫിക്കേഷൻ ബിഡ് 31.1.2011 ൽ 4 മണിക്ക് തുറക്കുകയുണ്ടായി. എന്നാൽ ദർഘാസ് സമർപ്പിക്കാതിരുന്ന ഒരു കമ്പനി ദർഘാസിലെ ചില നിബന്ധനകൾക്കെതിരെയും ദർഘാസ് സമർപ്പിക്കാനുള്ള തീയതി നീട്ടിക്കിട്ടണമെന്നും ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 3149/2011 എന്ന റിട്ട് പെറ്റീഷനിൽ 31.1.2011 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ദർഘാസ് തുറക്കുന്നത് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്ന് 05.04.2011 ലെ ഉത്തരവ് പ്രകാരം ബഹു കേരള ഹൈക്കോടതി WP(C) 3149/2011 ൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുകയും ദർഘാസിന്മേൽ നടപടികൾ തുടരുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ബഹു. കേരള ഹൈക്കോടതി WP(C) 3149/2011, 12.4.2011 ലെ വിധിന്യായപ്രകാരം തള്ളിക്കളയുകയുണ്ടായി. 12.4.2011 ലെ മറ്റൊരുത്തരവ് പ്രകാരം റിട്ട് അപ്പീൽ നം 501/2011 ഉം ബഹു.ഹൈക്കോടതി തള്ളിക്കള്ളയുകയുണ്ടായി. ടി റിട്ട് അപ്പീലിലെ വിധിക്കെതിരെ ടി കമ്പനി ബഹു. സുപ്രീം കോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ SLP (C) 13630-13631/2011 ഫയൽ ചെയ്യുകയും 13.5.2011 ലെ ഉത്തരവ് പ്രകാരം ദർഘാസിന്മേലുള്ള തുടർ നടപടികൾക്കെതിരെ കോടതി "സ്റ്റാറ്റസ് ക്വോ" |

| | | |
|---|---|---|
| | | ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |
| (ഡി) സുപ്രീം കോടതിയിൽ ഇതു സംബന്ധമായി സമർപ്പിക്കപ്പെട്ട സത്യവാങ്മൂലം നിയമ വകുപ്പും അഡ്വക്കേറ്റ് ജനറലും കണ്ടിട്ടുണ്ടോ; | (ഡി) | SLP(C) 13630-31 -ൽ ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) ഒരു നമ്പർ പ്ലേറ്റിന് ഏതെല്ലാം കമ്പനികൾ എത്ര രൂപ ക്വോട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ഇ) | Financial Bid തുറക്കാത്തതിനാൽ ഉത്തരം നൽകുവാൻ നിർവ്വാഹമില്ല. |
| (എഫ്) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഇതുമായി ബന്ധപ്പെട്ടുള്ള കേസുകളുടെ നിജസ്ഥിതി വിശദമാക്കുമോ? | (എഫ്) | എല്ലാ സംസ്ഥാനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടാണ് ശ്രീ മനീന്ദർ ജിത്ത് സിങ് ബിട്ട W.P. (C) 510/2005 ബഹു: സുപ്രീം കോടതിയിൽ ഫയൽ ചെയ്തത്. പ്രസ്തുത റിട്ട് പെറ്റീഷനിൽ പല തവണയായി ബഹു.സുപ്രീം കോടതി ഈ സ്കീം നടപ്പാക്കുന്നതിനായി നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 7.2.2012 ൽ ബഹു. സുപ്രീം കോടതി ടി റിട്ട് ഹർജി തീർപ്പാക്കിക്കൊണ്ടു പുറപ്പെടുവിച്ച അന്തിമ വിധി പ്രകാരം എല്ലാ സംസ്ഥാനങ്ങളും മൊത്തമായി അതിസുരക്ഷാ നമ്പർ പ്ലേറ്റ്, പുതിയ വാഹനങ്ങളിൽ 30.04.2012-നകം ഘടിപ്പിക്കണമെന്നും പഴയ വാഹനങ്ങളിൽ 15.06.2012-നകം ഘടിപ്പിക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടെൻഡറിൽ പങ്കെടുക്കാത്ത ഒരു സ്ഥാപനം ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത SLP(C) 13630-13631/2011 ൽ 13.5.2011 ൽ പുറപ്പെടുവിച്ച "സ്റ്റാറ്റസ് ക്വോ" ഉത്തരവ് നിലനിൽക്കുന്നതിനാൽ ടി കേസ്സിൽ തീരുമാനമാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് എല്ലാ വാഹനത്തിലും അതീവ സുരക്ഷാ പ്ലേറ്റുകൾ സ്ഥാപിക്കണമെന്ന സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ